# പഞ്ചായത്തുകൾ തോറും നീര മെഷീൻ: മന്ത്രി

**കോഴിക്കോട്:** സംസ്ഥാനത്തെ പഞ്ചായത്തുകൾ തോറും നീര വെന്റിംഗ് മെഷീനുകൾ സ്ഥാപിക്കുമെന്നും അതിനുള്ള പ്രാരംഭ നടപടികൾ മെയ് മാസത്തോടെ തുടങ്ങുമെന്നും കൃഷി വകുപ്പ് മന്ത്രി കെ.പി. മോഹനൻ പറഞ്ഞു. കേരളം വെളിച്ചെണ്ണയുടെ റീ ലോഞ്ചിംഗ് നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

കേരസമൃദ്ധി പദ്ധതിയുടെ ഭാഗമായി മൂന്ന് വർഷത്തിനുള്ളിൽ പത്ത് ലക്ഷം തെങ്ങിൻതൈകൾ വിതരണം ചെയ്യും. കേരള ഫീഡ്സ് പോലുള്ള സ്ഥാപനങ്ങൾക്ക് പുതുജീവൻ നൽകുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. മലബാറിനെ കാലിത്തീറ്റ ഉൽപാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കാനുതകുന്ന ഈ സംരംഭം മെയ് മാസത്തിൽ കമ്മീഷൻ ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

എം.കെ. രാഘവൻ എംപി മുഖ്യപ്രഭാഷണം നടത്തി. നാളികേര വികസന കോർപറേഷൻ ചെയർമാൻ സജാദ് പുൽപ്പറ്റ അധ്യക്ഷത വഹിച്ചു. എം.കെ. രാഘവൻ എംപി ആദ്യ ഉല്പന്നം ഏറ്റുവാങ്ങി. നാളികേര വികസന കോർപറേഷൻ എംഡി അശോക് കുമാർ തെക്കൻ, ജിഎം കെ. സുബ്രഹ്മണ്യ ബാബു, മനയത്ത് ചന്ദ്രൻ, നാരായണൻ മാസ്റ്റർ തുടങ്ങിയവർ പങ്കെടുത്തു.